**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3099** **11-03-2025 - ൽ മറുപടിയ്ക്ക്**

**ആലുവ - മൂന്നാർ റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ആന്റണി ജോൺ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ആലുവ - മൂന്നാർ റോഡ്(ആലുവ മുതൽ കോതമംഗലം വരെ) നാലുവരിപ്പാതയാക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | **ആലുവ മൂന്നാർ റോഡ് പദ്ധതി, ആലുവ പുളിഞ്ചോട് ജംഗ്ഷനിൽ നിന്നാരംഭിച്ച് പവർഹൗസ് ലൂപ്പ് റോഡ് വഴി ആലുവ എസ് പി ഓഫീസ് വരെ 1.676കിമി ദൂരത്തിലും തുടർന്ന് എസ് പി ഓഫീസ് മുതൽ കോതമംഗലം ബൈപാസ്സ് വരെ 35.53 കിമി ദൂരത്തിലുമാണ് വിഭാവനം ചെയ്തിരിക്കുന്നത്. ആലുവ - മൂന്നാർ റോഡിന് തത്വത്തിൽ 10 കോടി (പത്ത് കോടി) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആലുവ മൂന്നാർ സ്റ്റേറ്റ് ഹൈവേ റോഡ് നാലുവരിപ്പാതയാക്കുന്നതിനായി സ്ഥലമേറ്റെടുക്കലിന് 653.06 കോടി (അറുനൂറ്റി അൻപത്തിമൂന്ന് കോടി ആറ് ലക്ഷം) രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭ്യമാക്കിയിട്ടുണ്ട്. ലാൻഡ് ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായി 07.12.2023 ൽ റവന്യൂ വകുപ്പിൽ നിന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും ലാൻഡ് അക്വിസിഷൻ ഓഫീസറായി Special Tahasildar, KIIFB UNIT 2 Angamaly യെ നിയമിച്ചിട്ടുള്ളതുമാണ്. നിലവിൽ 97 ശതമാനം കല്ലിടൽ പ്രവർത്തി പൂർത്തീകരിച്ച് ആയത് രേഖപ്പെടുത്തിയ അലൈൻമെൻറ് ഡ്രോയിങ്, ലാൻഡ് അക്വിസിഷൻ ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. 4(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിന് മുൻപായി സംയുക്ത സ്ഥല പരിശോധന നടത്തേണ്ടതിന് കണ്ടിജൻസി ചാർജ് ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾക്കായി കിഫ്ബിയിൽ സമർപ്പിച്ചിരിക്കുകയാണ്.**<br><br>**ആലുവ നിയോജക മണ്ഡലത്തിൽ ISRO യുടെ ഭൂമിയുമായി ബന്ധപ്പെട്ട NOC ലഭിച്ചിട്ടില്ലാത്തതും, ചെറുകുന്നം, കോതമംഗലം-BYPASS എന്നിവിടങ്ങളിൽ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസുമായി ബന്ധപ്പെട്ട് തീരുമാനം ആകാത്തതും മുന്നോട്ടുള്ള നടപടികളെ** |

| | | | |
|---|---|---|---|
| | | | **ബാധിക്കുന്നുണ്ട്. ഭൂമി ഏറ്റെടുക്കൽ പൂർത്തിയായാലുടൻ തുടർ നടപടികൾ സ്വീകരിക്കും.** |
| (ബി) | പ്രസ്തുത പദ്ധതിയുടെ തുടർനടപടികൾ വേഗത്തിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | **ആലുവ മൂന്നാർ റോഡ് പദ്ധതി, ആലുവ പുളിഞ്ചോട് ജംഗ്ഷനിൽ നിന്നാരംഭിച്ച് പവർഹൗസ് ലൂപ്പ് റോഡ് വഴി ആലുവ എസ് പി ഓഫീസ് വരെ 1.676കിമി ദൂരത്തിലും തുടർന്ന് എസ് പി ഓഫീസ് മുതൽ കോതമംഗലം ബൈപാസ്സ് വരെ 35.53 കിമി ദൂരത്തിലുമാണ് വിഭാവനം ചെയ്തിരിക്കുന്നത്. ആലുവ - മൂന്നാർ റോഡിന് തത്വത്തിൽ 10 കോടി (പത്ത് കോടി) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആലുവ മൂന്നാർ സ്റ്റേറ്റ് ഹൈവേ റോഡ് നാലുവരിപ്പാതയാക്കുന്നതിനായി സ്ഥലമേറ്റെടുക്കലിന് 653.06 കോടി (അറുനൂറ്റി അൻപത്തിമൂന്ന് കോടി ആറ് ലക്ഷം) രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭ്യമാക്കിയിട്ടുണ്ട്. ലാൻഡ് ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായി 07.12.2023 ൽ റവന്യൂ വകുപ്പിൽ നിന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും ലാൻഡ് അക്വിസിഷൻ ഓഫീസറായി Special Tahasildar, KIIFB UNIT 2 Angamaly യെ നിയമിച്ചിട്ടുള്ളതുമാണ്. നിലവിൽ 97 ശതമാനം കല്ലിടൽ പ്രവർത്തി പൂർത്തീകരിച്ച് ആയത് രേഖപ്പെടുത്തിയ അലൈൻമെന്റ് ഡ്രോയിങ്, ലാൻഡ് അക്വിസിഷൻ ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. 4(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിന് മുൻപായി സംയുക്ത സ്ഥല പരിശോധന നടത്തേണ്ടതിന് കണ്ടിജൻസി ചാർജ് ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾക്കായി കിഫ്ബിയിൽ സമർപ്പിച്ചിരിക്കുകയാണ്.**<br><br>**ആലുവ നിയോജക മണ്ഡലത്തിൽ ISRO യുടെ ഭൂമിയുമായി ബന്ധപ്പെട്ട NOC ലഭിച്ചിട്ടില്ലാത്തതും, ചെറുകുന്നം, കോതമംഗലം-BYPASS എന്നിവിടങ്ങളിൽ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസുമായി ബന്ധപ്പെട്ട് തീരുമാനം ആകാത്തതും മുന്നോട്ടുള്ള നടപടികളെ ബാധിക്കുന്നുണ്ട്. ഭൂമി ഏറ്റെടുക്കൽ പൂർത്തിയായാലുടൻ തുടർ നടപടികൾ സ്വീകരിക്കും.** |

സെക്ഷൻ ഓഫീസർ